(ബി) അഗ്രോ ഫ്രൂട്ട്സിൽ നിന്നും വിരമിച്ച തൊഴിലാളികളിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനുണ്ടെന്നും ഇത് ഏതെല്ലാം ഇനത്തിലുള്ളതാണെന്നും വ്യക്തമാക്കുമോ;

(സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലിയർ ചെയ്യാത്തതുമൂലം വിരമിച്ച തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതം പിരിച്ച് പി.എഫ്. ഫണ്ടിൽ അടയ്ക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂരിലെ അഗ്രോ ഫ്രൂട്ട് ,പ്രോഡക്ട്സ് കോമ്പൗണ്ടിൽ ആരംഭിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ (അഗ്രോ ഇൻഡസ്ട്രിയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-AITI) പരിശീലനം ആരംഭിച്ചിട്ടുണ്ട്. "ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്" എന്ന കേരള സർക്കാരിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച രണ്ട് വർഷത്തെ കെ.ജി.ഡി.ഇ. കോഴ്സാണ് ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ 32 വിദ്യാർത്ഥികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്.

(ബി) അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ നിന്നും വിരമിച്ച 17 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലും ഏൺഡ് ലീവ് സറണ്ടർ ഇനത്തിലുമുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുവാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിറവ് പദ്ധതി

120 (3323) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജക മണ്ഡലങ്ങൾ "നിറവ്" പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് "നിറവ്". ഓരോ നിയോജക മണ്ഡലത്തിന്റെയും സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ-യുടെ നേതൃത്വത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുംവിധം കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) നിറവ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം കാർഷിക മേഖലയിൽ സമഗ്രവികസനം സാദ്ധ്യമാക്കുക എന്നതാണ്. ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനുംമൂല്യവർദ്ധനവിലൂടെയും, ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മൽസ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി.

(സി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുവാൻ കാർഷിക അനുബന്ധമേഖലകളുടെ ഏകോപനത്തിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ധനപുനർവിനിയോഗം വഴി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ഹൈടെക് കൃഷി

121 (3324) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly